പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3077 23.03. 2015- ൽ മറുപടിക്ക്

**ജി.സി.സി. രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളുടെ സേവനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ഉബൈദുള്ള | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ഏറ്റവും കൂടുതൽ മലയാളികൾ ജോലി ചെയ്യുന്ന ജി.സി.സി. രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളിൽ നിന്നും അവരർഹിക്കുന്ന തരത്തിലുള്ള സേവനങ്ങൾ പലപ്പോഴും ലഭിക്കുന്നില്ലെന്ന പരാതി സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സേവനങ്ങൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) പലതരത്തിലുള്ള നിയമക്കുരുക്കിൽപ്പെട്ട് എംബസികളുടെ സേവനം ആവശ്യമാകുന്ന മലയാളികളുടെ സേവനങ്ങൾക്കായി സംസ്ഥാന സർക്കാരിന്റെ പ്രതിനിധികളായി എംബസികളിൽ ജീവനക്കാരെ നിയമിക്കുവാൻ ആവശ്യമായ ഇടപെടലുകൾ നടത്തുമോ? | ബി) ഇന്ത്യൻ എംബസികളിൽ പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിലെ എംബസികളിൽ നിയമനം നടത്തുമ്പോൾ മലയാളികളായ ഉദ്യോഗസ്ഥരെ പരമാവധി നിയമിക്കണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.<br><br>എംബസികൾ കേന്ദ്ര വിദേശകാര്യമന്ത്രാലയത്തിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. അവിടെ ഒരു സംസ്ഥാന സർക്കാരിന്റെ മാത്രം പ്രതിനിധികളെ ജീവനക്കാരായി നിയമിക്കുന്നതിന് നിർദ്ദേശിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. |

സെക്ഷൻ ഓഫീസർ